# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3464 25.06.2012 -ൽ മറുപടിയ്ക്ക്**

**ടി. പി. ചന്ദ്രശേഖരൻ വധം മാധ്യമങ്ങളുടെ നിയമവിരുദ്ധ റിപ്പോർട്ടിംഗ്**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ വി. ചെന്താമരാക്ഷൻ : | | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) അന്വേഷണത്തിലിരിക്കുന്ന കേസ്സുകളിൽ ശേഖരിക്കുന്ന മൊഴികളും വിവരങ്ങളും മാധ്യമങ്ങൾക്ക് നൽകുന്നതിനെതിരെ സുപ്രീം കോടതിയും, ഹൈക്കോടതിയും പുറപ്പെടുവിച്ചിട്ടുള്ള വിധികളിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് ചന്ദ്രശേഖരൻ വധക്കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ എന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ; | (എ) & (ബി) | ടി. പി. ചന്ദ്രശേഖരൻ വധക്കേസ് അന്വേഷിക്കുന്ന പ്രത്യേക അന്വേഷണ സംഘം അന്വേഷണാസ്പദമായ ഒരു വിവരവും മാധ്യമങ്ങൾക്ക് നൽകുന്നില്ല. മാധ്യമങ്ങളിൽ വരുന്ന വാർത്ത തെറ്റൊ ശരിയൊ എന്ന് സ്ഥിരീകരിക്കേണ്ട ദൌത്യം അന്വേഷണ സംഘത്തിനില്ല. അന്വേഷണ സംഘം നിയമാനുസൃതമായിട്ടുള്ള കേസ്സന്വേഷണം മാത്രമാണ് നടത്തുന്നത്. |
| ബി) തെറ്റായ റിപ്പോർട്ടുകൾ പോലീസിനെ ഉദ്ധരിച്ചുകൊണ്ട് മാധ്യമങ്ങളിൽ വരുന്നത്, സത്യസന്ധവും നീതിപൂർവ്വവുമായ അന്വേഷണത്തിന് ദോഷകരമായി വരുമെന്നകാര്യം അന്വേഷണസംഘം പരിഗണിച്ചിട്ടുണ്ടോ ? | | |

സെക്ഷൻ ഓഫീസർ